**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1757** **12-09-2023 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി സെന്റർ ഓർച്ചാട് നവീകരണപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പിന്റെ ഉടമസ്ഥതയിൽ പട്ടാമ്പി ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സെന്റർ ഓർച്ചാട് പൊതുജനങ്ങളെ ആകർഷിക്കുന്ന തരത്തിൽ നവീകരിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കൃഷി വകുപ്പിന്റെ ഉടമസ്ഥതയിൽ പട്ടാമ്പി ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സെന്റർ ഓർച്ചാട് പൊതുജനങ്ങളെ ആകർഷിക്കുന്ന തരത്തിൽ നവീകരിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഫാമിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിലേയ്ക്കായി മത്സ്യകൃഷി, മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ ഉൽപാദനം, സംയോജിത കാർഷിക സംവിധാനങ്ങളുടെ ഉപയോഗം, തേനീച്ച കൃഷി, വിദേശ ചെടികളുടെയും മൈനർ ഫ്രൂട്ട്സിന്റെയും ഒരു പ്രോജനി ഓർച്ചാട് ഉണ്ടാക്കുക, പുതിയ ഇനം കുരുമുളക് വള്ളികളുടെ ഒരു മാതൃ തോട്ടം ഉണ്ടാക്കുക, ഫാമിന്റെ വരുമാനം ഇരട്ടിയാക്കുന്നതിനായി വിദഗ്ധ തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കുക, നടീൽ വസ്തുക്കളുടെ പ്രത്യേകിച്ച് ബഡ്, ഗ്രാഫ്റ്റ് ലയറിങ്ങ് എന്നിവകളുടെ എണ്ണം ഇരട്ടിയാക്കുക, അലങ്കാര ചെടികളുടെ ഉത്പാദനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക, മത്സ്യ കൃഷി, മൃഗസംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിലൂടെ കർഷകർക്ക് ഫാം സന്ദർശിക്കുന്നതിനും നൂതന കൃഷി രീതികൾ പരിചയപ്പെടുന്നതിനും സാധിക്കുന്നതാണ്. കൂടാതെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ കർഷകർക്ക് പ്രയോജനം ലഭിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | ഉണ്ട്. കൃഷി വകുപ്പിന്റെ ഉടമസ്ഥതയിൽ പട്ടാമ്പി ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സെന്റർ ഓർച്ചാട് പൊതുജനങ്ങളെ ആകർഷിക്കുന്ന തരത്തിൽ നവീകരിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഫാമിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിലേയ്ക്കായി മത്സ്യകൃഷി, മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ ഉൽപാദനം, സംയോജിത കാർഷിക |

| | | | |
|---|---|---|---|
| | | | സംവിധാനങ്ങളുടെ ഉപയോഗം, തേനീച്ച കൃഷി, വിദേശ ചെടികളുടെയും മൈനർ ഫ്രൂട്ട്സിന്റെയും ഒരു പ്രോജനി ഓർച്ചാട് ഉണ്ടാക്കുക, പുതിയ ഇനം കുരുമുളക് വള്ളികളുടെ ഒരു മാതൃ തോട്ടം ഉണ്ടാക്കുക, ഫാമിന്റെ വരുമാനം ഇരട്ടിയാക്കുന്നതിനായി വിദഗ്ധ തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കുക, നടീൽ വസ്തുക്കളുടെ പ്രത്യേകിച്ച് ബഡ്, ഗ്രാഫ്റ്റ് ലയറിങ്ങ് എന്നിവകളുടെ എണ്ണം ഇരട്ടിയാക്കുക, അലങ്കാര ചെടികളുടെ ഉത്പാദനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക, മത്സ്യ കൃഷി, മൃഗസംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിലൂടെ കർഷകർക്ക് ഫാം സന്ദർശിക്കുന്നതിനും നൂതന കൃഷി രീതികൾ പരിചയപ്പെടുന്നതിനും സാധിക്കുന്നതാണ്. കൂടാതെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ